# ക്ഷേത്ര സംസ്കാരം

—ഡോ: കെ. ഭാസ്കരൻനായർ

മനുഷ്യർക്കും അവരുടെ തറവാടുകൾക്കും മാത്രമല്ല, ദേവന്മാർക്കും ദേവാലയങ്ങൾക്കും നല്ല കാലവും ദുഷ്കാലവും ഉണ്ടെന്നാണ് പറയുന്നത്. ഏതായാലും കേരളത്തിൽ ഇന്ന് ഇത്തരം ഒരു ദുഷ്കാലം ഉണ്ടായിരിക്കുകയാണ് എന്നതിൽ തർക്കമില്ല. ക്ഷേത്രങ്ങളോടുമാത്രമല്ല, അവ പ്രതിനിധാനം ചെയ്യുന്ന സംസ്കാരത്തോടും, മതാചാരങ്ങളോടും, ആദ്ധ്യാത്മിക കാര്യങ്ങളോടു പൊതുവെതന്നെയും വൈമുഖ്യം എന്നല്ല തീക്ഷ്ണമായ വിരോധവും പ്രത്യക്ഷപ്പെട്ടിട്ടുള്ള കാലമാണിത്. അന്യ മതക്കാരെക്കുറിച്ചുള്ള ഉദ്സൂചനയാണ് ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നതെന്ന് ആരും തെറ്റിദ്ധരിക്കുകയില്ലെന്നു കരുതുന്നു. എല്ലാ മതസ്ഥാപനങ്ങൾക്കും വന്നിരിക്കുന്ന ഗതികേടാണിത്. രാഷ്ട്രീയ പുരോഗതിയുടെ പേരിലും, സാമ്പത്തിക പരിപാടികളുടെ പേരിലും, സയൻസിന്റെ പേരിലും, യുക്തിവാദത്തിന്റെ പേരിലും, പ്രകടമാകുന്ന വിരോധത്തെപ്പറ്റിയാണ് പറയുന്നത്. ഇത് കൊടുമ്പിരിക്കൊണ്ട് ഗുരുവായൂർ ക്ഷേത്രത്തിൽ സത്യാഗ്രഹംവരെ എത്തിയത് ഈ അടുത്ത കാലത്താണല്ലോ. മററു ചില സ്ഥലങ്ങളിൽ ശാന്തിക്കാരും കഴകക്കാരും സംഘടിച്ച് പ്രത്യക്ഷസമരത്തിന് ഒരുങ്ങുന്നതും കേൾക്കുകയുണ്ടായി. എത്രയോ ലക്ഷം ജനങ്ങളുടെ ആരാധനാകേന്ദ്രമായ ശബരിമല ക്ഷേത്രത്തിനു ഏതോ മഹാപാപികൾ തീവെച്ചപ്പോൾ 'ഒരു ക്ഷേത്രം നശിച്ചാൽ അത്രയ്ക്ക് അന്ധത കുറഞ്ഞു' എന്നു ഉദ്ഘോഷിച്ചത് ഈ ജനായത്ത വ്യവസ്ഥിതിയിലെ ഒരു രാഷ്ട്രീയ നേതാവാണ്. അദ്ദേഹം എന്തെന്നില്ലാത്ത ദുരിതവും മഹാദുഃഖവും അനുഭവിച്ച് കാലഗതിയെ പ്രാപിക്കുകയും അല്പകാലത്തിനുള്ളിൽ വിസ്മൃതനാവുകയും ചെയ്തു. എങ്കിലും ശബരിമല പൂർവ്വാധികം പ്രശസ്തിയാർജ്ജിച്ച് പുനരുജ്ജീവനം നേടുകയാണ് ഉണ്ടായത്.

ഹിന്ദു ക്ഷേത്രങ്ങൾക്ക് അവിശ്വാസികളുടെ ആക്രമണം മാത്രമല്ല സഹിക്കേണ്ടിവന്നിരിക്കുന്നത്. സാമ്പത്തികനയം, ഭൂപരിഷ്കരണ നിയമം, രാഷ്ട്രീയക്കാരുടെ കൈകടത്തൽ എന്നിവയുടെ ഫലമായി പല ക്ഷേത്രങ്ങളുടേയും ആദായമാർഗ്ഗം അടഞ്ഞുപോയിരിക്കുന്നു. അററകുററപ്പണികൾക്കോ, നിത്യനിദാനത്തിനു പോലുമോ വകയില്ലാതെ അവയെല്ലാം അടച്ചിടുകയേ നിവൃത്തിയുള്ളു എന്ന സ്ഥിതി വന്നിട്ടുണ്ട്. ക്രമേണ ഈ പുരാതന സ്ഥാപനങ്ങൾ ചോർന്നൊലിച്ച് നശിക്കുന്നത് കാണുമ്പോൾ എടുപ്പുകളെങ്കിലും പൊളിച്ച് അടുക്കുകയാണ് ഭേദം എന്ന അഭിപ്രായമുണ്ടാകും. പ്രായോഗികബുദ്ധിയുടെ പേരിൽ അതിനെ പിൻതാങ്ങുവാനും ആളുകളുണ്ടാകും.

ഇതിനോടൊപ്പംതന്നെ ഭയാനകമായ മറെറാരു ആപത്തിനെ നേരിടേണ്ടിയിരിക്കുന്നു. അത് ക്ഷേത്രങ്ങളിലെ കലാവസ്തുക്കളുടെ നിരന്തരമായ കൊള്ളയാണ്. നമ്മുടെ രാജ്യത്ത് ഇവയുടെ ആവശ്യത്തെക്കുറിച്ചുള്ള ബോധവും, ഇതെല്ലാം സംരക്ഷിക്കേണ്ടതാണെന്നുള്ള ആഗ്രഹവും, അതിശീഘ്രം ക്ഷയിച്ചുവരികയാണെങ്കിലും അന്യരാജ്യക്കാർക്ക് ഇവയുടെ നേർക്ക് എന്തെന്നില്ലാത്ത അഭിനിവേശം ഉണ്ടായിരിക്കുകയാണ്. വിഗ്രഹങ്ങളും കൊത്തുപണികളും,



Digitized by Kerala Sahitya Akademi

മാത്രമല്ല ഒരു സൗന്ദര്യവുമില്ലാത്ത കിണ്ടിയും കിണ്ണവും മരക്കഷണങ്ങളും എന്തു വില കൊടുത്തും വാങ്ങുവാൻ അവർ തയ്യാറായിരിക്കുന്നു! ഹിന്ദുക്കളെ വിഗ്രഹാരാധനക്കാരെന്നു അധിക്ഷേപിച്ച പാശ്ചാത്യരാണ് ഇന്ന് ആ വിഗ്രഹങ്ങളുടെതന്നെ ആരാധകന്മാരായിത്തീർന്നിരിക്കുന്നതു്! അവർക്ക് ഏതെങ്കിലും വിഗ്രഹങ്ങൾ കിട്ടിയാൽപോരാ. എത്രയോ നൂററാണ്ടുകാലം പുണ്യക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച്, നിരന്തരം പൂജിച്ചവയാണെന്ന് തീർച്ചയുള്ളവതന്നെ വേണമെന്ന് നിർബ്ബന്ധമുണ്ട്. അവയെ സ്വീകരണമുറിയിൽ കലാസുഭഗമായ രീതിയിൽ പ്രദർശിപ്പിച്ച്, ഇപ്പറഞ്ഞ വസ്തുത എടുത്തെടുത്തു പറഞ്ഞു്, വരുന്നവരെക്കൊണ്ടും ആരാധിപ്പിക്കണം! ഇതുമൂലം ദുരാഗ്രഹികൾക്ക് കൊള്ളലാഭം നേടുവാനുള്ള സുവർണ്ണാവസരമാണ് കൈവന്നിരിക്കുന്നതു്. ക്ഷേത്രപ്രതിഷ്ഠകളെ പീഠത്തോടൊപ്പം ഇളക്കിയെടുത്തു് രാജ്യാഭിമാനം വിററ് കാശു മാറുവാൻ പൂജാരികൾപോലും സന്നദ്ധരാകുന്ന കാലം വിദൂരമല്ല. തഞ്ചാവൂരിൽനിന്നു ഇങ്ങനെ കൊണ്ടുപോയ നടരാജവിഗ്രഹം അമേരിക്കയിലെ ടെക്സാസ് സംസ്ഥാനത്തു് ജീവിക്കുന്ന ഒരു കോടീശ്വരന്റെ മണിമേടയിൽ സ്ഥാനം പിടിച്ച് വളരെക്കാലം കഴിഞ്ഞതിനുശേഷമാണ് ഇന്ത്യാ ഗവമെൻറു പോലും അറിഞ്ഞതു്. തഞ്ചാവൂരിൽവെച്ചുതന്നെ അതിന്റെ ഒരു തനിപ്പകർപ്പുണ്ടാക്കി ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുവാനും, അസ്സൽ വിഗ്രഹം അപഹരിച്ച് കടത്തിക്കൊണ്ടുപോകുവാനും ആ അമേരിക്കക്കാരനു കഴിഞ്ഞു! ധനം മാത്രമേ ആരാധ്യമായുള്ളു എന്നു വന്നാൽപിന്നെ എന്താണ് നടക്കാത്തതു്? ഗുരുവായൂരപ്പനും ശ്രീ പത്മനാഭനും അയ്യപ്പസ്വാമിക്കും ഈ ദുഷ്കാലം ഉണ്ടാകാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയേ നിവൃത്തിയുള്ളു. തെക്കുകിഴക്ക് ഏഷ്യയിൽനിന്നു് ലക്ഷക്കണക്കിലുള്ള ബുദ്ധവിഗ്രഹങ്ങളാണ് ഇങ്ങനെ യൂറോപ്പിലേക്കും അമേരിക്കയിലേക്കും കടത്തിക്കൊണ്ടുപോയതു്.

ഇന്നത്തെ ഈ പ്രവണതകൾ തുടർന്നുപോവുകയാണെങ്കിൽ അധികം താമസിയാതെ പൂജ മുടങ്ങിയ ക്ഷേത്രങ്ങളെങ്കിലും ടൂറിസ്റ്റ് വകുപ്പുകാർ വിലക്കോ വാടകക്കോ ഏറെറടുത്തു് വിദേശസഞ്ചാരികളെ ആകർഷിക്കുവാനുള്ള കൗതുകകേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്ന പ്രസ്ഥാനവും വന്നുകൂടായ്കയില്ല. അമ്പലത്തിൽ കയറണമെന്ന് യാതൊരു താല്പര്യവും പ്രദർശിപ്പിക്കാത്ത അന്യ മതക്കാരുടെ വക്കാലത്ത് സ്വയം ഏറെറടുത്തു്, പുരോഗമനവാദികളെന്ന് പറയുന്ന ചില ഹിന്ദുക്കൾ (?) ക്ഷേത്രങ്ങളിൽ എല്ലാവർക്കും പ്രവേശനം അനുവദിക്കണമെന്ന് ശാഠ്യം പിടിക്കുന്നതു് ഈ പരിവർത്തനത്തിന്റെ ആദ്യത്തെ പടിയാണ്. ആരാധനാ കേന്ദ്രങ്ങളെന്ന ക്ഷേത്രങ്ങളുടെ പ്രാഥമിക സ്വഭാവത്തെ നശിപ്പിക്കുക എന്നതാണ് ഈ വിശാലഹൃദയന്മാരുടെ 'നെഞ്ചിൽ കിഞ്ചിൽകിടക്കും നെടിയ കുടിലത'. ഇവരിൽ ചിലർ ഉടുപ്പിട്ടുകൊണ്ട് അമ്പലത്തിൽ പ്രവേശിക്കുന്നതിനുവേണ്ടി ഒരു പ്രക്ഷോഭണം തുടങ്ങുവാൻ അടുത്ത കാലത്തു് ആഹ്വാനം ചെയ്തതു് പലരും ഓർമ്മിക്കുന്നുണ്ടാവും. വിയർപ്പുനാററവും വൃത്തികേടും സഹിക്കേണ്ടി വന്നാലും ക്ഷേത്രാചാരത്തെ അവഹേളിക്കാമല്ലോ എന്ന ദുർബുദ്ധിയാണ് ഈ ആഹ്വാനത്തിൽ തെളിഞ്ഞുകണ്ടതു്.

ഇങ്ങനെ പല വഴിക്കുനിന്നും വന്നുകൊണ്ടിരിക്കുന്ന ആപത്തുകളെ അതിജീവിച്ച് ഹിന്ദുസമുദായത്തിന്റെയും ഹൈന്ദവസംസ്കാരത്തിന്റെയും പൊതുമുതലായി അവശേഷിച്ചിട്ടുള്ള ക്ഷേത്രങ്ങൾക്ക് നിലനില്പുവാൻ സാധിക്കുമോ എന്ന കാര്യത്തിൽ വലിയ ഭയമുണ്ട്. ഓരോ വ്യക്തിയുടെയും ഭൗതികമായ ആവശ്യങ്ങൾമാത്രമേ പരിഗണിക്കേണ്ടതുള്ളു എന്ന തത്വമാണ് ആധുനികലോകം സാർവ്വത്രികമായി അംഗീകരിച്ചിരിക്കുന്നതു്. വ്യക്തികളുടെ താല്പര്യങ്ങൾക്ക് അതീതമായി, എല്ലാവർക്കുംമാനിക്കത്തക്കതായി എന്തെങ്കിലും വേണമെന്നോ, ഉണ്ടെന്നുതന്നെയോ, ആരും വിശ്വസിക്കുന്നില്ല. താനും തന്റെ സുഖവും അത്രതന്നെ. നാലുചുററും മതിലുകെട്ടി, ഗേററുവെച്ച് പൂട്ടിയിട്ടാൽ അതിനപ്പുറം ഒന്നുമില്ല. ഈ സങ്കല്പം വേരൂന്നുമ്പോൾ ദേവാലയങ്ങൾ മാത്രമല്ല, ഭരണാലയങ്ങളും വിദ്യാലയങ്ങൾപോലും നിലനില്ക്കു



Digitized by Kerala Sahitya Akademi

വാൻ അർഹതയില്ലാത്തവയാണെന്നും അവ നശിച്ചാൽ 'ആർക്കുചേതം' എന്നും തോന്നുന്നതിൽ അത്ഭുതമില്ല. അങ്ങനെ ഒരു ദുഷ്കാലമാണോ ഇന്ത്യയ്ക്കു വരാൻ പോകുന്നതെന്ന് ആശങ്ക തോന്നുന്നു.

നമ്മുടെ ദേവാലയങ്ങളുടെ ചരിത്രമാലോചിച്ചാൽ ആരും അതിശയിച്ചുപോകും. അവയിൽ ഭൂരിപക്ഷവും ജനങ്ങൾതന്നെ ചോര നീരാക്കി പ്രയത്നിച്ച് നിർമ്മിച്ചവയാണ്. രാജാവോ, കുബേരന്മാരോ പണമിറക്കി പണിയിച്ചവ എത്രയോ ചുരുക്കമേയുള്ളു. ഞാൻ ജനിച്ചുവളർന്ന ഗ്രാമപ്രദേശത്ത്, പമ്പാനദിയുടെ തീരത്ത്, കാണുന്ന മഹാക്ഷേത്രം ഇന്നു പണിയിക്കണമെങ്കിൽ അഞ്ചോ പത്തോ കോടി രൂപ ചെലവാക്കണം. അനേകം ഏക്കർ വിസ്താരമുള്ള അതിന്റെ വളപ്പ് അത്രയും ഉയരത്തിൽ മണ്ണിട്ടു പൊക്കുന്നതിനുതന്നെ ഭഗീരഥപ്രയത്നം വേണ്ടിവന്നിട്ടുണ്ട് എന്നുള്ളത് നിശ്ചയമാണ്. നാടുവാഴിയോ പ്രഭുക്കന്മാരോ ഒന്നുമല്ല അതു നിർമ്മിച്ചത്. ഈജിപ്റ്റിലെ പിരമിഡ്ഡുകൾ പോലെ അടിമവേലകൊണ്ട് പടുത്തുയർത്തിയതുമല്ല. ഇങ്ങനെ ഒരു പൊതുസ്ഥാപനം ഇന്നു നിർമ്മിക്കണമെങ്കിൽ നേരിടേണ്ടിവരുന്ന പ്രയാസങ്ങൾ ആലോചിച്ചാൽ ആരും അന്ധാളിച്ചുപോകും. ജനപ്രതിനിധികളെ പ്രീണിപ്പിച്ച്, മന്ത്രിയുടെ സേവ പിടിച്ച്, നിയമസഭയിൽ പിന്തുണ സമ്പാദിച്ച്, ബഡ്ജറ്റിൽ വക കൊള്ളിച്ച്, എത്രകാലം പ്രയത്നിക്കേണ്ടിവരുമെന്ന് ഓർത്തുനോക്കുക. ഇതൊന്നുംകൂടാതെ അതിഗംഭീരങ്ങളായ ഈ പൊതുസ്ഥാപനങ്ങൾ നിർമ്മിച്ച നമ്മുടെ പൂർവ്വീകരെ ആരാണ് അഭിനന്ദിക്കാത്തത്? തങ്ങളുടെ തല്ക്കാല ലാഭമായിരുന്നില്ല അവരുടെ ലക്ഷ്യം. സ്വന്തം ആരാധനയ്ക്ക് തുളസിത്തറയും വിളക്കുമാടവും നിർമ്മിച്ചാൽ മതിയെന്ന് അവർക്ക് അറിയാമായിരുന്നു. അതുകൊണ്ട്, തങ്ങൾക്കുവേണ്ടിയല്ല, പിറകെ തലമുറകൾക്കുവേണ്ടിയാണ് അവർ ഈ മഹാക്ഷേത്രങ്ങൾ നിർമ്മിച്ചതെന്നു സ്പഷ്ടമാണ്. അതിൽ അവർ കാണിച്ച ദീർഘവീക്ഷണം എത്രയോ ആദരണീയമായിരിക്കുന്നു. ഇന്നത്തെ ഈ ജനപ്പെരുപ്പത്തിന്നിടയിലും അവ സംസ്കൃതിയുടേയും ശാന്തിയുടേയും പരിവേഷമണിഞ്ഞ് ലക്ഷോപലക്ഷം ജനങ്ങൾക്ക് ഭവരോഗപീഡകളിൽനിന്നുള്ള അഭയസ്ഥാനങ്ങളായി ശോഭിക്കുന്നു. ദേവാലയങ്ങൾ നിർമ്മിക്കുകമാത്രമല്ല, അവയുടെ നിലനില്പിനുവേണ്ട മുൻകരുതലുകളും അവർ ഏർപ്പെടുത്തുകയുണ്ടായി. അവയെല്ലാം പിൽക്കാലത്തു വന്ന സ്വാർത്ഥമൂർത്തികൾ കളഞ്ഞുകുളിച്ചു. എന്നിട്ട് ഇപ്പോഴിതാ ക്ഷേത്രഭാരവാഹികൾ ഭിക്ഷാംദേഹികളായി മന്ത്രിമാരുടെ പുറകേ നടക്കുന്നു!

ശാസ്ത്രീയമായ പ്ലാനിങ്ങിന്റെ യുഗമെന്നും മനുഷ്യബുദ്ധിയുടെ വസന്തകാലമെന്നും വാഴ്ത്തപ്പെടുന്ന ഇക്കാലത്ത് നമ്മളെ ഞെക്കിപ്പിഴിഞ്ഞും കിട്ടുന്നിടത്തുനിന്നെല്ലാം കടം വാങ്ങിയും നിർമ്മിക്കുന്ന പൊതുസ്ഥാപനങ്ങളിൽ എത്രയെണ്ണത്തിന്റെ കാര്യത്തിൽ ഇങ്ങനെയുള്ള ലോകസംഗ്രഹദൃഷ്ടി കാണുവാൻ കഴിയുമെന്ന് ആലോചിച്ചുനോക്കുക. അവയിൽ എത്രയെണ്ണം അൻപതു വർഷത്തിനപ്പുറം അവശേ

സന്ദർശിക്കുക:

**സുന്ദർ റേഡിയോ കമ്പനി**

(എലക്ട്രിക്ക് ആന്റ് റേഡിയോ ഡീലർ)

എലക്ട്രിക്ക് ഡിപ്പാർട്ട്മെന്റ്:
**ബല്ലാർഡ് റോഡ്, കണ്ണൂർ-1.**
ഫോൺ: 4317

റേഡിയോ ഡിപ്പാർട്ട്മെന്റ്:
**സ്റ്റേഷൻ റോഡ്, കണ്ണൂർ-1.**
ഫോൺ: 4025



Digitized by Kerala Sahitya Akademi

ഷിക്കമെന്നും ചിന്തിക്കേണ്ടതാണ്. അണക്കെട്ടുകളും ഫാക്ടറികളും ആധുനിക ഭാരതത്തിന്റെ ക്ഷേത്രങ്ങളാണെന്ന് ജവഹർലാൽ നെഹ്റു ആവേശഭരിതനായി ഉൽഘോഷിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെക്കുറിച്ച് ആർക്കും സംശയമില്ല. ഉദ്ദേശശുദ്ധിയെപ്പററിയും ആക്ഷേപമില്ല. എന്നാലും അദ്ദേഹത്തിന്റെ നേത്രരശ്മികൾ മനുഷ്യജീവിതമെന്ന ഈ പ്രഹേളികയുടെ ആഴത്തിലേക്ക് വേണ്ടുവോളം കടന്നുചെന്നുവോ എന്ന് ഇപ്പോൾ സംശയം തോന്നുന്നു. ഏററവും ശ്രദ്ധയോടെ പരമഭദ്രമായി സംരക്ഷിച്ചാലും ഒരു അണക്കെട്ട് ഇരുന്നൂറു വർഷത്തിൽ കൂടുതൽ നിലനിൽക്കുകയില്ലെന്നാണ് ശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നത്. അതിനകം അവയ്ക്ക് പിന്നിലുള്ള ജലസംഭരണികൾ മണ്ണു കയറി നികന്നുപോകുമത്രെ. സിമന്റിന്റെ ബലവും ക്ഷയിക്കും. പക്ഷെ, ഇതുവരെയുള്ള അനുഭവം വെച്ചുനോക്കിയാൽ ഇന്ത്യയിലെ അണക്കെട്ടുകൾ അൻപതുവർഷംപോലും നിൽക്കുകയില്ലെന്നാണ് സൂക്ഷ്മദൃക്കുകളായ എഞ്ചിനീയർമാർ പ്രവചിക്കുന്നത്. വർഷംതോറും പത്തും ഇരുപതും അടി മണ്ണാണ് അവയിൽ നിറയുന്നത്. ചുററുമുള്ള വനമെല്ലാം വെട്ടിത്തെളിയിച്ച് കൃഷി തുടങ്ങിയിരിക്കുന്നതുകൊണ്ട് വൻതോതിലുള്ള മണ്ണൊലിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. നിർമ്മാണക്രിയയിലും അക്ഷന്തവ്യമായ കള്ളപ്പണിയും കൃത്രിമങ്ങളും കൊള്ളയും നടന്നിട്ടുണ്ട്.

പശ്ചിമജർമ്മനിയിൽ ഉൽമ് എന്ന സ്ഥലത്ത് ലോകപ്രസിദ്ധമായ ഒരു പള്ളിയുണ്ട്. മദ്ധ്യയുഗങ്ങളിൽ നിർമ്മിച്ചതാണ്. (ഇടയ്ക്ക് പറയട്ടെ: അവിടെയാണ് ശാസ്ത്രയുഗത്തിലെ മഹാചാര്യനായ ഐൻസ്റ്റൈൻ ജനിച്ചത്.) അതു നിർമ്മിച്ച കാലത്ത് ആ പ്രദേശത്തുണ്ടായിരുന്ന ജനസംഖ്യയുടെ പത്തിരട്ടിയെ എങ്കിലും ഉൾക്കൊള്ളത്തക്കവിധത്തിലാണ് അതിന്റെ രൂപകൽപന ചെയ്തത്. ഇന്നാണെങ്കിൽ പൊതുമുതലിന്റെ ദുർവിനിയോഗമായിമാത്രമെ അതിനെ കണക്കാക്കുകയുള്ളു. പക്ഷെ പിൻതലമുറകളുടെ അനുഭവത്തിൽനിന്നു നോക്കുമ്പോൾ പ്രാചീനകാലത്തെ ആ നിർമ്മാതാക്കളുടെ ദീർഘദൃഷ്ടിയോർത്ത് ജനങ്ങൾ ആദരാതിശയംകൊണ്ട് നമസ്കരിച്ചുപോകുന്നു. ഇതുതന്നെയാണ് നമ്മുടെ മഹാക്ഷേത്രങ്ങളുടേയും കഥ. അവയെ സംരക്ഷിക്കുവാൻ നമുക്കിന്ന് കഴിവില്ലാതെവന്നിരിക്കുന്നതോർത്ത് ആരാണ് കരയാത്തത്?

എന്തായാലും ഇന്നത്തെ ഈ രാഷ്ട്രീയയുഗം ഇന്ത്യക്കും കേരളത്തിനും മാത്രമല്ല, ലോകത്തിനു മുഴുവൻതന്നെയും ഒരു മഹാ ശാപമായിട്ടാണ് പരിണമിച്ചിരിക്കുന്നതെന്ന് പറയാതെ തരമില്ല. മനുഷ്യസന്തതിയെ സ്വാർത്ഥമൂർത്തികളായി വളർത്തിയെടുക്കാനും ആ രൂപത്തിൽ ഉയർത്തിക്കാണിക്കാനുംമാത്രമേ അതു പ്രയോജനപ്പെട്ടിട്ടുള്ളു. എന്താനും നാളുകൾ ഉദരപൂരണം നടത്തി മണ്ണോടുചേരുന്ന മാംസപിണ്ഡം മാത്രമാണ് താനെന്ന് ഓരോ വ്യക്തിയെക്കൊണ്ടും വിശ്വസിപ്പിക്കുവാനാണ് അതു ശ്രമിക്കുന്നത്. ഇത്ര സാധാരണമായ ഈ വിശ്വാസം മനുഷ്യന്റെ അന്തരംഗത്തിൽ താനേ അങ്കുരിക്കുന്നതുമാണ്. ലോകക്ഷേമം കൈവരുത്തുവാൻവേണ്ടിയാണ് ഈ രാഷ്ട്രീയക്കാരെല്ലാം ഇങ്ങനെ നിരന്തരം ബഹളം കൂട്ടുന്നതെന്ന് ശുദ്ധഗതിക്കാരായ മാലോകർ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അത് എന്നന്നേക്കുമായി മറഞ്ഞുകഴിഞ്ഞു. ആ മിഥ്യ ഇനിയും നിലനിർത്തുവാൻ സാദ്ധ്യമല്ല. പക്ഷെ ലോകത്തിന് സ്വാർത്ഥലോകത്തിൽനിന്നുള്ള മുക്തിയും വ്യക്തികളുടെ ജീവിതമെന്ന സ്വപ്നവിഭ്രമത്തിന് അൽപമെങ്കിലുമുള്ള ഉപശാന്തിയും ലഭിക്കേണ്ടതു് ഇന്ന് എന്നത്തെക്കാളും ആവശ്യമായിവന്നിരിക്കുകയാണ്. മതാചാരങ്ങളുടേയും ആരാധനയുടേയും സാങ്കേതികവശങ്ങളും നൃത്യനൃത്തകലകളും വിസ്മരിച്ചാൽതന്നെയും ക്ഷേത്രങ്ങൾക്ക് അതിപ്രധാനമായ ഈ ഒരു ധർമ്മം നിർവ്വഹിക്കാനുണ്ടെന്ന് വിവേകശാലികൾ സമ്മതിക്കാതിരിക്കുകയില്ല. സ്വാർത്ഥപൂർത്തിക്കും വ്യക്തിഭോഗത്തിനും അതീതമായി ജീവിതത്തിന് ചില ശാശ്വതമൂല്യങ്ങളുണ്ടെന്നുള്ള പൂർണ്ണബോധ്യത്തോടെ നമ്മുടെ പൂർവ്വികന്മാർ ചെയ്ത ഭഗീരഥപ്രയത്നത്തിന്റെ ഫലങ്ങളാണവ. നിസ്വാർത്ഥസേവനമെന്നും പരാർത്ഥചിന്തയെന്നും പറയുന്നതു് വെറും മിഥ്യയല്ലെന്ന് തെളിയിക്കുവാനെങ്കിലും അവയെ നിലനിർത്തേണ്ടതു് ആവശ്യമാകുന്നു.



Digitized by Kerala Sahitya Akademi